# ക്രിസ്തുവിനെ അനുഭമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (1)

ദൂത് പത്ത്

## യോഹന്നാന്റെ സുവിശേഷത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന തേജസ്സും തേജസ്കരണവും

RK *Hymns*: ML167, ML238

തിരുവെഴുത്ത് വായന: യോഹ. 1:14; 2:11; 5:44; 8:54; 12:23; 13:31-32; 17:1, 5, 22

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

യോഹ. 2:11 അടയാളങ്ങളുടെ ഈ ആരംഭം യേശു ഗലീലയിലെ കാനാവിൽ ചെയ്ത് അവന്റെ തേജസ്സ് വെളിവാക്കി, അവന്റെ ശിഷ്യന്മാർ അവനിലേക്ക് വിശ്വസിച്ചു.

യോഹ. 5:44 നിങ്ങൾ അന്യോന്യം മഹത്വം സ്വീകരിക്കുകയും, ഏക ദൈവത്തിൽ നിന്നുള്ള മഹത്വം അന്വേഷിക്കാതെയും ഇരിക്കുമ്പോൾ, നിങ്ങൾക്ക് എങ്ങനെ വിശ്വസിക്കുവാൻ കഴിയും?

യോഹ. 8:54 യേശു ഉത്തരം നൽകി, ഞാൻ എന്നെത്തന്നെ മഹത്വപ്പെടുത്തുന്നു എങ്കിൽ, എന്റെ മഹത്വം ഒന്നുമല്ല; അവൻ ഞങ്ങളുടെ ദൈവമാകുന്നു എന്നു നിങ്ങൾ പറയുന്ന എന്റെ പിതാവാകുന്നു എന്നെ മഹത്വപ്പെടുത്തുന്നവൻ.

യോഹ. 12:23 യേശു അവരോട് ഉത്തരം പറഞ്ഞത്, മനുഷ്യപുത്രൻ തേജസ്കരിക്കപ്പെടുവാനുള്ള നാഴിക വന്നിരിക്കുന്നു.

യോഹ. 13:31 അവൻ പുറത്തുപോയശേഷം, യേശു പറഞ്ഞു, ഇപ്പോൾ മനുഷ്യപുത്രൻ തേജസ്കരിക്കപ്പെട്ടിരിക്കുന്നു, ദൈവവും അവനിൽ തേജസ്കരിക്കപ്പെട്ടിരിക്കുന്നു.

യോഹ. 13:32 ദൈവം അവനിൽ തേജസ്കരിക്കപ്പെട്ടിരിക്കുന്നു എങ്കിൽ, ദൈവം തന്നിൽത്തന്നെ അവനെ തേജസ്കരിക്കും, അവൻ ഉടനെതന്നെ അവനെ തേജസ്കരിക്കും.

യോഹ. 17:1 ഈ കാര്യങ്ങൾ സംസാരിച്ചശേഷം, സ്വർഗത്തിലേക്കു തന്റെ കണ്ണുകൾ ഉയർത്തി യേശു പറഞ്ഞു, പിതാവേ, നാഴിക വന്നിരിക്കുന്നു; പുത്രൻ നിന്നെ തേജസ്കരിക്കേണ്ടതിന്, നിന്റെ പുത്രനെ തേജസ്കരിക്കേണമേ;

യോഹ. 17:5 ഇപ്പോഴോ പിതാവേ, ലോകം ഉണ്ടാകുന്നതിനു മുമ്പേ എനിക്കു നിന്നോടുകൂടെ ഉണ്ടായിരുന്ന തേജസ്സുകൊണ്ട്, നിന്നോടുകൂടെത്തന്നെ എന്നെ തേജസ്കരിക്കേണമേ.

യോഹ. 17:22 നാം ഒന്നാകുന്നതുപോലെ അവർ ഒന്നാകേണ്ടതിന്, നീ എനിക്ക് നൽകിയിരിക്കുന്ന തേജസ്സ് ഞാൻ അവർക്ക് നൽകിയിരിക്കുന്നു;

**I. തേജസ്സെന്നത് ദൈവത്തിന്റെ ഒരു സദ്ഗുണമാണ്; തേജസ്സ് ദൈവത്തിന്റെ ആവിഷ്കാരം, ദൈവം പ്രതാപത്തിൽ ആവിഷ്കരിക്കപ്പെടുന്നതാണ്—പുറ. 40:34; പ്രവൃ. 7:55; 2 പത്രൊ. 1:3; വെളി. 21:11.**

പുറ. 40:34 അപ്പോൾ മേഘം സമാഗമനകൂടാരത്തെ മൂടി, യഹോവയുടെ തേജസ്സു തിരുനിവാസത്തെ നിറെച്ചു.

പ്രവൃ. 7:55 എന്നാൽ അവൻ പരിശുദ്ധാത്മാവ് നിറഞ്ഞവനായി, സ്വർഗത്തിലേക്ക് സൂക്ഷിച്ചു നോക്കി, ദൈവത്തിന്റെ തേജസ്സും യേശു ദൈവത്തിന്റെ വലത്തുഭാഗത്ത് നിൽക്കുന്നതും കണ്ടു;

2 പത്രൊ. 1:3 തന്റെ സ്വന്തം, തേജസ്സിനാലും നന്മയാലും നമ്മെ വിളിച്ചവന്റെ പൂർണ പരിജ്ഞാനത്തിലൂടെ, അവന്റെ ദിവ്യശക്തി ജീവനും ദൈവികതയും സംബന്ധിച്ച സകലവും നമുക്കു നൽകിയിരിക്കുന്നുവല്ലോ,

വെളി. 21:11 അവളുടെ വെളിച്ചം ഏറ്റവും വിലയേറിയ കല്ലുപോലെ, സ്ഫടിക സ്വച്ഛമായ സൂര്യകാന്തം പോലെ ആയിരുന്നു.

## II. ദൈവത്തിന്റെ തേജസ്സ് അന്തഃസ്ഥിതമായി ദൈവത്തിന്റെ വ്യവസ്ഥയോട് ബന്ധപ്പെട്ടിരിക്കുന്നു—എഫെ. 1:6, 10, 12, 14; 3:21; 5:27:

എഫെ. 1:6 പ്രിയനിൽ അവൻ നമുക്ക് കൃപ ചൊരിഞ്ഞ തന്റെ, കൃപാമഹത്വത്തിന്റെ പുകഴ്ച്ചയ്ക്കായി തന്നെ.

എഫെ. 1:10 അത് അവനിൽ സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതുമായ സകലതും, ക്രിസ്തുവിൽ തലമപ്പെടുക എന്ന കാല സമ്പൂർണതയുടെ വ്യവസ്ഥയിങ്കലേക്ക് ആകുന്നു,

എഫെ. 1:12 ക്രിസ്തുവിൽ ആദ്യം പ്രത്യാശവച്ചവരായ നാം അവന്റെ മഹത്വത്തിന്റെ പുകഴ്ച്ചയ്ക്ക് ആകേണ്ടതിനു തന്നെ,

എഫെ. 1:14 അവൻ തന്റെ മഹത്വത്തിന്റെ പുകഴ്ച്ചയ്ക്ക്, സ്വായത്തമാക്കിയ സ്വത്തിന്റെ, വീണ്ടെടുപ്പിങ്കലേക്ക് നമ്മുടെ അവകാശത്തിന്റെ അച്ചാരമാകുന്നു.

എഫെ. 3:21 സഭയിലും ക്രിസ്തു യേശുവിലും എല്ലാ തലമുറകളോളം എന്നെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.

എഫെ. 5:27 കറ, ചുളുക്കം മുതലായ യാതൊന്നുമില്ലാതെ, അവൾ വിശുദ്ധയും നിഷ്കളങ്കയും ആകേണ്ടതിന്, അവൻ സഭയെ മഹത്വപൂർണമായി തനിക്കുതന്നെ മുൻനിർത്തേണ്ടതിനും ആകുന്നു.

A. ത്രിയേക ദൈവം തേജസ്സിന്റെ ദൈവമാണ്—പ്രവൃ. 7:2; എഫെ. 1:17; 3:14, 16; 1 കൊരി. 2:8; 2 കൊരി. 4:6; 1 പത്രൊ. 4:14.

പ്രവൃ. 7:2 അവൻ പറഞ്ഞു, പുരുഷന്മാരേ, സഹോദരന്മാരും പിതാക്കന്മാരുമേ, കേൾക്കുവിൻ. ഹാരാനിൽ പാർക്കുന്നതിനു മുമ്പ്, മെസൊപ്പൊത്താമ്യയിൽ ആയിരിക്കുമ്പോൾ തേജസ്സിന്റെ ദൈവം നമ്മുടെ പിതാവായ അബ്രാഹാമിന് പ്രത്യക്ഷനായി.

എഫെ. 1:17 നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും, തേജസ്സിന്റെ പിതാവുമായവൻ, തന്നെക്കുറിച്ചുള്ള പൂർണ പരിജ്ഞാനത്തിൽ നിങ്ങൾക്ക് ജ്ഞാനത്തിന്റെയും വെളിപാടിന്റെയും ആത്മാവിനെ തരേണ്ടതിനും,

എഫെ. 3:14 ഇതു നിമിത്തം ഞാൻ സ്വർഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തെയും

എഫെ. 3:16 അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാനും,

1 കൊരി. 2:8 അത് ഈ യുഗത്തിലെ അധിപന്മാർ ആരും തന്നെ അറിഞ്ഞിട്ടില്ല; അവർ അറിഞ്ഞിരുന്നുവെങ്കിൽ, തേജസ്സിന്റെ കർത്താവിനെ

ക്രൂശിക്കുകയില്ലായിരുന്നു;

2 കൊരി. 4:6 എന്തുകൊണ്ടെന്നാൽ ഇരുട്ടിൽനിന്ന് വെളിച്ചം പ്രകാശിക്കും എന്ന് പറഞ്ഞ ദൈവമാകുന്നു, യേശു ക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം ശോഭിക്കുവാൻ ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചവൻ.

1 പത്രൊ. 4:14 നിങ്ങൾ ക്രിസ്തുവിന്റെ നാമത്തിൽ നിന്ദിക്കപ്പെടുന്നുവെങ്കിൽ അനുഗൃഹീതരാകുന്നു, എന്തെന്നാൽ തേജസ്സിന്റെയും ദൈവത്തിന്റെയും ആത്മാവ് നിങ്ങളുടെ മേൽ വിശ്രമിക്കുന്നു.

B. ദൈവത്തിന്റെ നിത്യ ലക്ഷ്യം തന്റെ അനേകം പുത്രന്മാരെ തേജസ്സിലേക്ക് കൊണ്ടുവരിക എന്നതാണ്—എബ്രാ. 2:10; 1 കൊരി. 2:7; എഫെ. 1:5-6, 12, 14.

എബ്രാ. 2:10 എന്തെന്നാൽ സകലവും തനിക്കുവേണ്ടിയും സകലവും തന്നിലൂടെയും ഉളവാക്കിയവന്, അനേകം പുത്രന്മാരെ തേജസ്സിലേക്ക് നയിക്കുന്നതിൽ, അവരുടെ രക്ഷയുടെ കാരണഭൂതനെ കഷ്ടാനുഭവങ്ങളിലൂടെ തികഞ്ഞവനാക്കുന്നത് ഉചിതമായിരുന്നു.

1 കൊരി. 2:7 നമ്മുടെ തേജസ്സിനായി ദൈവം യുഗങ്ങൾക്കു മുമ്പേ മുൻനിർണയിച്ചതും, മറയ്ക്കപ്പെട്ടിരുന്നതുമായ, ദൈവത്തിന്റെ ജ്ഞാനമത്രേ മർമമായി ഞങ്ങൾ സംസാരിക്കുന്നത്.

എഫെ. 1:5 യേശു ക്രിസ്തു മുഖാന്തരം തനിക്കുതന്നെ പുത്രത്വത്തിങ്കലേക്കു നമ്മെ മുൻനിയമിച്ചുകൊണ്ട്, ലോകസ്ഥാപനത്തിനു മുമ്പേ അവനിൽ നമ്മെ അവൻ തിരഞ്ഞെടുത്തു,

എഫെ. 1:6 പ്രിയനിൽ അവൻ നമുക്ക് കൃപ ചൊരിഞ്ഞ തന്റെ, കൃപാമഹത്വത്തിന്റെ പുകഴ്ച്ചയ്ക്കായി തന്നെ.

എഫെ. 1:12 ക്രിസ്തുവിൽ ആദ്യം പ്രത്യാശവച്ചവരായ നാം അവന്റെ മഹത്വത്തിന്റെ പുകഴ്ച്ചയ്ക്ക് ആകേണ്ടതിനു തന്നെ,

എഫെ. 1:14 അവൻ തന്റെ മഹത്വത്തിന്റെ പുകഴ്ച്ചയ്ക്ക്, സ്വായത്തമാക്കിയ സ്വത്തിന്റെ, വീണ്ടെടുപ്പിങ്കലേക്ക് നമ്മുടെ അവകാശത്തിന്റെ അച്ചാരമാകുന്നു.

C. ദൈവത്തിന്റെ തേജസ്സിൽ മനുഷ്യൻ അവനെ ആവിഷ്കരിക്കുന്നതിനായി ദൈവം മനുഷ്യനെ തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചു—ഉല്പ. 1:26; കൊലൊ. 1:15; 2 കൊരി. 4:4, 6.

ഉല്പ. 1:26 അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു.

കൊലൊ. 1:15 അവൻ അദൃശ്യനായ ദൈവത്തിന്റെ സ്വരൂപവും, സകല സൃഷ്ടിയിലും ആദ്യജാതനും ആകുന്നു,

2 കൊരി. 4:4 അവരിൽ ദൈവസ്വരൂപമായ ക്രിസ്തുവിന്റെ തേജസ്സിന്റെ സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിക്കുവാൻ, ഈ യുഗത്തിന്റെ ദൈവം അവിശ്വാസികളുടെ ചിന്തകളെ കുരുടാക്കിയിരിക്കുന്നു.

2 കൊരി. 4:6 എന്തുകൊണ്ടെന്നാൽ ഇരുട്ടിൽനിന്ന് വെളിച്ചം പ്രകാശിക്കും എന്ന്

പറഞ്ഞ ദൈവമാകുന്നു, യേശു ക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം ശോഭിക്കുവാൻ ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചവൻ.

D. പാപം ചെയ്യുകയെന്നാൽ ദൈവത്തിന്റെ തേജസ്സിൽ കുറവുള്ളവനാകുകയും അങ്ങനെ പാപത്തെയും പാപകരമായ സ്വയത്തെയും ആവിഷ്കരിക്കുകയും ദൈവത്തിന്റെ മഹത്വത്തെക്കാൾ മനുഷ്യരുടെ മഹത്വത്തെ സ്നേഹിക്കുകയും ചെയ്യുന്നതാണ്—റോമ. 3:23; യോഹ. 5:44; 7:18; 12:43.

റോമ. 3:23 എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു,

യോഹ. 5:44 നിങ്ങൾ അന്യോന്യം മഹത്വം സ്വീകരിക്കുകയും, ഏക ദൈവത്തിൽ നിന്നുള്ള മഹത്വം അന്വേഷിക്കാതെയും ഇരിക്കുമ്പോൾ, നിങ്ങൾക്ക് എങ്ങനെ വിശ്വസിക്കുവാൻ കഴിയും?

യോഹ. 7:18 തന്നിൽനിന്ന് സംസാരിക്കുന്നവൻ സ്വന്തമഹത്വം അന്വേഷിക്കുന്നു; തന്നെ അയച്ചവന്റെ മഹത്വം അന്വേഷിക്കുന്നവനോ, അവൻ സത്യവാൻ ആകുന്നു, അവനിൽ അനീതി ഇല്ല.

യോഹ. 12:43 എന്തെന്നാൽ അവർ ദൈവത്തിന്റെ മഹത്വത്തെക്കാൾ മനുഷ്യരുടെ മഹത്വത്തെ സ്നേഹിച്ചു.

E. ക്രിസ്തുവിന്റെ വീണ്ടെടുപ്പ് ദൈവത്തിന്റെ തേജസ്സിന്റെ ആവശ്യകതകൾ നിറവേറ്റിയിരിക്കുന്നു—റോമ. 3:24-25; എബ്രാ. 9:5; പ്ര.നി. ഉല്പ. 3:24.

റോമ. 3:24 ക്രിസ്തു യേശുവിലുള്ള വീണ്ടെടുപ്പ് മുഖാന്തരം അവന്റെ കൃപയാൽ സൗജന്യമായി നീതീകരിക്കപ്പെടുന്നു;

റോമ. 3:25 അവൻ നീതിമാനും യേശുവിന്റെ വിശ്വാസത്തിൽനിന്നുള്ളവനെ നീതീരിക്കുന്നവനും ആകത്തക്കവണ്ണം, ഇക്കാലത്ത് തന്റെ നീതിയെ പ്രദർശിപ്പിക്കുവാനുള്ള വീക്ഷണത്തോടുകൂടി,

എബ്രാ. 9:5 അതിനു മുകളിൽ പ്രായശ്ചിത്തമൂടിയെ നിഴലിടുന്ന തേജസ്സിന്റെ കെരൂബുകൾ ഉണ്ടായിരുന്നു, അവയെക്കുറിച്ച് വിശദമായി സംസാരിക്കുവാനുള്ള സമയം ഇപ്പോഴല്ല.

ഉല്പ. 3:24 ഇങ്ങനെ അവൻ മനുഷ്യനെ ഇറക്കിക്കളഞ്ഞു; ജീവന്റെ വൃക്ഷത്തിങ്കലേക്കുള്ള വഴികാപ്പാൻ അവൻ ഏദെൻ തോട്ടത്തിന്നു കിഴക്കു കെരൂബുകളെ തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി നിർത്തി.

F. ക്രിസ്തുവിന്റെ തേജസ്സിന്റെ സുവിശേഷം മുഖാന്തരം തന്റെ നിത്യ തേജസ്സിനാലും നിത്യ തേജസ്സിലേക്കും ദൈവം നമ്മെ വിളിച്ചിരിക്കുന്നു—2 കൊരി. 4:4; 1 തിമൊ. 1:11; 1 തെസ്സ. 2:12; 1 പത്രൊ. 5:10.

2 കൊരി. 4:4 അവരിൽ ദൈവസ്വരൂപമായ ക്രിസ്തുവിന്റെ തേജസ്സിന്റെ സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിക്കുവാൻ, ഈ യുഗത്തിന്റെ ദൈവം അവിശ്വാസികളുടെ ചിന്തകളെ കുരുടാക്കിയിരിക്കുന്നു.

1 തിമൊ. 1:11 എന്നെ ഭരമേൽപ്പിച്ച, വാഴ്ത്തപ്പെട്ടവനായ ദൈവത്തിന്റെ തേജസ്സിന്റെ, സുവിശേഷത്തിനൊത്തവണ്ണം, പത്ഥ്യോപദേശത്തിനു വിപരീതമായുള്ള മറ്റേതു കാര്യത്തിനുമത്രേ നടപ്പാക്കിയിരിക്കുന്നത്.

1 തെസ്സ. 2:12 ഒരു അപ്പൻ തന്റെ സ്വന്തം മക്കളോടെന്നപോലെ നിങ്ങളെ പ്രബോധിപ്പിച്ചും സാന്ത്വനപ്പെടുത്തിയും സാക്ഷ്യപ്പെടുത്തിയുംകൊണ്ട്,

ഞങ്ങൾ നിങ്ങൾ ഓരോരുത്തരോടും എപ്രകാരം ആയിരുന്നു എന്ന് നിങ്ങൾ അറിയുന്നുവല്ലോ.

1 പത്രൊ. 5:10 എന്നാൽ ക്രിസ്തു യേശുവിൽ നിങ്ങളെ തന്റെ നിത്യതേജസ്സിലേക്ക് വിളിച്ചവനായ, സകല കൃപയുടെയും ദൈവം, നിങ്ങൾ അൽപകാലം കഷ്ടമനുഭവിച്ചശേഷം, താൻതന്നെ നിങ്ങളെ തികഞ്ഞവരാക്കി, ഉറപ്പിച്ച്, ബലപ്പെടുത്തി, അടിസ്ഥാനപ്പെടുത്തും.

G. സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തു തേജസ്സിന്റെ പ്രത്യാശയായി നമ്മിൽ വസിക്കുന്നു—കൊലൊ. 1:27; 3:4, 11.

കൊലൊ. 1:27 അവരോടു ജാതികൾക്കിടയിലെ ഈ മർമത്തിന്റെ മഹിമാധനം എന്തെന്ന് അറിയിക്കുവാൻ ദൈവം ഇച്ഛിച്ചു, അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതുതന്നെ,

കൊലൊ. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

കൊലൊ. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

H. നാം കർത്താവിന്റെ തേജസ്സിനെ കാണുകയും പ്രതിബിംബിക്കുകയും ചെയ്യുമ്പോൾ, നാം തേജസ്സിൽനിന്ന് തേജസ്സിലേക്ക് കർത്താവിന്റെ സ്വരൂപമായി രൂപാന്തരപ്പെടുന്നു—2 കൊരി. 3:18.

2 കൊരി. 3:18 എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

I. ദൈവത്തിന്റെ ജൈവിക രക്ഷയുടെ ലക്ഷ്യവും, ഈ രക്ഷയുടെ അവസാനത്തെ ഘട്ടവും തേജസ്സാണ്—നമ്മുടെ തേജസ്കരണമാണ്—എബ്രാ. 2:10; റോമ. 8:17, 21, 30.

എബ്രാ. 2:10 എന്തെന്നാൽ സകലവും തനിക്കുവേണ്ടിയും സകലവും തന്നിലൂടെയും ഉളവാക്കിയവന്, അനേകം പുത്രന്മാരെ തേജസ്സിലേക്ക് നയിക്കുന്നതിൽ, അവരുടെ രക്ഷയുടെ കാരണഭൂതനെ കഷ്ടാനുഭവങ്ങളിലൂടെ തികഞ്ഞവനാക്കുന്നത് ഉചിതമായിരുന്നു.

റോമ. 8:17 മക്കൾ എങ്കിൽ അവകാശികളും ആകുന്നു; ഒരുവശത്ത്, ദൈവത്തിന്റെ അവകാശികൾ മറുവശത്ത്, ക്രിസ്തുവിനോടുകൂടെ കൂട്ടവകാശികൾ; നാം അവനോടുകൂടെ തേജസ്കരിക്കപ്പെടേണ്ടതിന് തീർച്ചയായും നാം അവനോടുകൂടെ കഷ്ടം അനുഭവിക്കുന്നെങ്കിലത്രേ.

റോമ. 8:21 അതിന്റെ സ്വന്ത ഹിതത്താലല്ല, അതിനെ കീഴ്പ്പെടുത്തിയവൻ നിമിത്തം വ്യർഥതയ്ക്ക് കീഴ്പ്പെട്ടിരിക്കുന്നു.

റോമ. 8:30 അവൻ മുൻനിയമിച്ചവരെ, അവൻ വിളിക്കുകയും; അവൻ വിളിച്ചവരെ, അവൻ നീതീകരിക്കുകയും; അവൻ നീതീകരിച്ചവരെ, അവൻ തേജസ്കരിക്കുകയും ചെയ്തു.

J. നാം ദൈവത്തിന്റെ തേജസ്സുള്ള സംഘാത ആവിഷ്കാരമായിത്തീരത്തക്കവണ്ണം നമ്മിലേക്ക് പണിതുചേർക്കപ്പെടുന്ന

ത്രിയേക ദൈവമാണ് ദൈവത്തിന്റെ കെട്ടിടം—എഫെ. 2:21-22; 3:17, 19, 21; 4:16; 5:27; പ്ര.നി. പുറ. 40:34; 1 രാജാ. 8:10-11; യെഹെ. 43:4-5; ഹഗ്ഗാ. 2:7, 9.

എഫെ. 2:21 അവനിൽ കെട്ടിടം മുഴുവൻ, യുക്തമായി ചേർന്ന്, കർത്താവിൽ വിശുദ്ധ ആലയമായി വളരുന്നു;

എഫെ. 2:22 അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു.

എഫെ. 3:17a അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും...,

എഫെ. 3:19b ...നിങ്ങൾ ദൈവത്തിന്റെ എല്ലാ, നിറവിനോളം നിറയേണ്ടതിനും ആകുന്നു.

എഫെ. 3:21 സഭയിലും ക്രിസ്തു യേശുവിലും എല്ലാ തലമുറകളോളം എന്നെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.

എഫെ. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

എഫെ. 5:27 കറ, ചുളുക്കം മുതലായ യാതൊന്നുമില്ലാതെ, അവൾ വിശുദ്ധയും നിഷ്കളങ്കയും ആകേണ്ടതിന്, അവൻ സഭയെ മഹത്വപൂർണമായി തനിക്കുതന്നെ മുൻനിർത്തേണ്ടതിനും ആകുന്നു.

പുറ. 40:34 അപ്പോൾ മേഘം സമാഗമനകൂടാരത്തെ മൂടി, യഹോവയുടെ തേജസ്സു തിരുനിവാസത്തെ നിറെച്ചു.

1 രാജാ. 8:10 പുരോഹിതന്മാർ വിശുദ്ധമന്ദിരത്തിൽനിന്നു പുറപ്പെട്ടപ്പോൾ മേഘം യഹോവയുടെ ആലയത്തിൽ നിറഞ്ഞു.

1 രാജാ. 8:11 യഹോവയുടെ തേജസ്സു യഹോവയുടെ ആലയത്തിൽ നിറഞ്ഞിരുന്നതുകൊണ്ടു മേഘംനിമിത്തം ശുശ്രൂഷ ചെയ്യേണ്ടതിന്നു നില്പാൻ പുരോഹിതന്മാർക്കു കഴിഞ്ഞില്ല.

യെഹെ. 43:4 യഹോവയുടെ തേജസ്സു കിഴക്കോട്ടു ദർശനമുള്ള ഗോപുരത്തിൽ കൂടി ആലയത്തിലേക്കു പ്രവേശിച്ചു.

യെഹെ. 43:5 ആത്മാവു എന്നെ എടുത്തു അകത്തെ പ്രാകാരത്തിലേക്കു കൊണ്ടുചെന്നു; യഹോവയുടെ തേജസ്സു ആലയത്തെ നിറെച്ചിരുന്നു.

ഹഗ്ഗാ. 2:7 ഞാൻ സകലജാതികളെയും ഇളക്കും; സകലജാതികളുടെയും മനോഹരവസ്തു വരികയും ചെയ്യും; ഞാൻ ഈ ആലയത്തെ മഹത്വപൂർണ്ണമാക്കും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു.

ഹഗ്ഗാ. 2:9 ഈ ആലയത്തിന്റെ പിന്നത്തെ മഹത്വം മുമ്പിലേത്തതിലും വലുതായിരിക്കും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു; ഈ സ്ഥലത്തു ഞാൻ സമാധാനം നല്കും എന്നു സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാടു.

K. ദൈവത്തിന്റെ രാജ്യവും ദൈവത്തിന്റെ തേജസ്സും അവിഭാജ്യമായതിനാൽ, വരാനിരിക്കുന്ന രാജ്യത്തിൽ ദൈവത്തിന്റെ തേജസ്സ് പ്രത്യക്ഷമാകും—മത്താ. 6:13; 16:27; 26:29; 1 തെസ്സ. 2:12; വെളി. 5:13.

മത്താ. 6:13 ഞങ്ങളെ പരീക്ഷയിലേക്കു കൊണ്ടുവരാതെ, ദുഷ്ടനിൽനിന്ന് ഞങ്ങളെ വിടുവിക്കേണമേ; എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിന്റേതാകുന്നു. ആമേൻ.

മത്താ. 16:27 എന്തെന്നാൽ മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരോടുകൂടെ വരുവാനിരിക്കുന്നു, അപ്പോൾ അവൻ ഓരോരുത്തനും തന്റെ പ്രവൃത്തിക്കൊത്തവണ്ണം മടക്കിത്തരും.

മത്താ. 26:29 എന്നാൽ ഇപ്പോൾ മുതൽ, എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടുകൂടെ അതിനെ പുതുതായി കുടിക്കുന്ന ആ നാൾ വരെയും, മുന്തിരിവള്ളിയുടെ ഈ ഫലത്തിൽനിന്ന് ഞാൻ ഒരുവിധത്തിലും കുടിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.

1 തെസ്സ. 2:12 ഒരു അപ്പൻ തന്റെ സ്വന്തം മക്കളോടെന്നപോലെ നിങ്ങളെ പ്രബോധിപ്പിച്ചും സാന്ത്വനപ്പെടുത്തിയും സാക്ഷ്യപ്പെടുത്തിയുംകൊണ്ട്, ഞങ്ങൾ നിങ്ങൾ ഓരോരുത്തരോടും എപ്രകാരം ആയിരുന്നു എന്ന് നിങ്ങൾ അറിയുന്നുവല്ലോ.

വെളി. 5:13 സ്വർഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും സമുദ്രത്തിന്മേലുള്ള സകല സൃഷ്ടിയും, അവയിലുള്ളതുമെല്ലാം, സിംഹാസനത്തിന്മേൽ ഇരിക്കുന്നവനും കുഞ്ഞാടിനും, അനുഗ്രഹവും ബഹുമാനവും മഹത്വവും ബലവും എന്നെന്നേക്കും ഉണ്ടാകട്ടെ എന്നു പറയുന്നത് ഞാൻ കേട്ടു.

L. പുതിയ യെരൂശലേമിന്റെ ഒരു ശ്രദ്ധേയമായ സവിശേഷത അതിന് ദൈവത്തിന്റെ തേജസ്സ്, അവന്റെ ആവിഷ്കാരം, ഉണ്ട് എന്നതാണ്; ഒരു സംഘാത വ്യക്തിയായ പുതിയ യെരൂശലേം എന്ന മുഴുവൻ നഗരവും ദൈവത്തിന്റെ തേജസ്സ് വഹിക്കും, അത് ദൈവം താൻതന്നെ തന്റെ ഭാര്യയായ നഗരത്തിലൂടെ പ്രകാശിക്കുന്നതാണ്—19: 7-9; 21:2, 10-11.

വെളി. 19:7 നാം സന്തോഷിച്ചുല്ലസിച്ച്, അവനു മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ വിവാഹം വന്നുവല്ലോ, അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു.

വെളി. 19:8 അവൾക്കു ധരിക്കേണ്ടതിനു ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം നൽകിയിരുന്നു; നേരിയ ചണനൂൽ വസ്ത്രം വിശുദ്ധന്മാരുടെ നീതികൾ ആകുന്നു.

വെളി. 19:9 അവൻ എന്നോട്, എഴുതുക, കുഞ്ഞാടിന്റെ വിവാഹ അത്താഴത്തിലേക്ക് വിളിക്കപ്പെട്ടവർ അനുഗൃഹീതർ എന്നു പറഞ്ഞു. അവൻ എന്നോട്, ഇതു ദൈവത്തിന്റെ സത്യവചനങ്ങൾ ആകുന്നു എന്നു പറഞ്ഞു.

വെളി. 21:2 പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം, അവളുടെ ഭർത്താവിനായി അലങ്കരിക്കപ്പെട്ട മണവാട്ടിയായി ഒരുക്കപ്പെട്ട്, സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു.

വെളി. 21:10 അവൻ എന്നെ ആത്മാവിൽ വലുതും ഉയർന്നതുമായ ഒരു മലമേൽ എടുത്തുകൊണ്ടുപോയി, യെരൂശലേം എന്ന വിശുദ്ധനഗരം സ്വർഗത്തിൽ നിന്ന് ദൈവത്തിന്റെ പക്കൽനിന്ന്, ദൈവ തേജസ്സുള്ളതായി ഇറങ്ങിവരുന്നത് കാണിച്ചുതന്നു.

വെളി. 21:11 അവളുടെ വെളിച്ചം ഏറ്റവും വിലയേറിയ കല്ലുപോലെ, സ്ഫടിക സ്വച്ഛമായ സൂര്യകാന്തം പോലെ ആയിരുന്നു..

M. ദൈവത്തിന്റെ വ്യവസ്ഥയിലെ ദൈവത്തിന്റെ തേജസ്സിൽ ദിവ്യ വെളിപാടിന്റെ ഉന്നത ശിഖരം ഉൾപ്പെടുന്നു—ദൈവത്വത്തിലല്ല, ജീവനിലും, പ്രകൃതത്തിലും, ആവിഷ്കാരത്തിലും മനുഷ്യൻ ദൈവമായിത്തീരത്തക്കവണ്ണം ദൈവം മനുഷ്യനായിത്തീരുന്നു—യോഹ. 1:14; കൊലൊ. 3:4; എബ്രാ. 2:10; വെളി. 21:10-11.

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

കൊലൊ. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

എബ്രാ. 2:10 എന്തെന്നാൽ സകലവും തനിക്കുവേണ്ടിയും സകലവും തന്നിലൂടെയും ഉളവാക്കിയവന്, അനേകം പുത്രന്മാരെ തേജസ്സിലേക്ക് നയിക്കുന്നതിൽ, അവരുടെ രക്ഷയുടെ കാരണഭൂതനെ കഷ്ടാനുഭവങ്ങളിലൂടെ തികഞ്ഞവനാക്കുന്നത് ഉചിതമായിരുന്നു.

വെളി. 21:10 അവൻ എന്നെ ആത്മാവിൽ വലുതും ഉയർന്നതുമായ ഒരു മലമേൽ എടുത്തുകൊണ്ടുപോയി, യെരൂശലേം എന്ന വിശുദ്ധനഗരം സ്വർഗത്തിൽ നിന്ന് ദൈവത്തിന്റെ പക്കൽനിന്ന്, ദൈവ തേജസ്സുള്ളതായി ഇറങ്ങിവരുന്നത് കാണിച്ചുതന്നു.

വെളി. 21:11 അവളുടെ വെളിച്ചം ഏറ്റവും വിലയേറിയ കല്ലുപോലെ, സ്ഫടിക സ്വച്ഛമായ സൂര്യകാന്തം പോലെ ആയിരുന്നു.

N. ദൈവത്തിന്റെ വ്യവസ്ഥയുടെ ലക്ഷ്യം നാം എല്ലാവരും അവന്റെ തേജസ്സിനെ പ്രകാശിപ്പിക്കുക എന്നതാണ്—വാ. 2, 23-24.

വെളി. 21:2 പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം, അവളുടെ ഭർത്താവിനായി അലങ്കരിക്കപ്പെട്ട മണവാട്ടിയായി ഒരുക്കപ്പെട്ട്, സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു.

വെളി. 21:23 നഗരത്തിൽ പ്രകാശിക്കുവാൻ സൂര്യനോ ചന്ദ്രനോ ആവശ്യമില്ല, ദൈവതേജസ്സ് അതിനെ പ്രകാശിപ്പിച്ചു, കുഞ്ഞാട് അതിന്റെ വിളക്കാകുന്നു.

വെളി. 21:24 രാഷ്ട്രങ്ങൾ അതിന്റെ വെളിച്ചത്താൽ നടക്കും; ഭൂമിയിലെ രാജാക്കന്മാർ തങ്ങളുടെ മഹത്വം അതിലേക്കു കൊണ്ടുവരുന്നു.

**III. ദൈവത്തിന്റെ തേജസ്സിൽ ക്രിസ്തുവിന്റെ ജഡാവതാരവും, മനുഷ്യജീവിതവും, ക്രൂശുമരണവും, പുനരുത്ഥാനവും, ആരോഹണവും, മടങ്ങിവരവും, പുതിയ യെരൂശലേമിൽ അവൻ വിളക്കായിരിക്കുന്നതും ഉൾപ്പെടുന്നു:**

A. തന്റെ ജീവിതത്തിലും വേലയിലും കർത്താവായ യേശു സ്വന്തം തേജസ്സല്ല, തന്നെ അയച്ചവന്റെ തേജസ്സാണ് അന്വേഷിച്ചത്—യോഹ. 7:18; 8:50, 54.

യോഹ. 7:18 തന്നിൽനിന്ന് സംസാരിക്കുന്നവൻ സ്വന്തമഹത്വം അന്വേഷിക്കുന്നു; തന്നെ അയച്ചവന്റെ മഹത്വം അന്വേഷിക്കുന്നവനോ, അവൻ സത്യവാൻ ആകുന്നു, അവനിൽ അനീതി ഇല്ല.

യോഹ. 8:50 എന്നാൽ ഞാൻ എന്റെ മഹത്വം അന്വേഷിക്കുന്നില്ല; എനിക്കുവേണ്ടി മഹത്വം അന്വേഷിക്കുന്നവനും വിധിക്കുന്നവനുമായ ഒരുവൻ ഉണ്ട്.

യോഹ. 8:54 യേശു ഉത്തരം നൽകി, ഞാൻ എന്നെത്തന്നെ മഹത്വപ്പെടുത്തുന്നു എങ്കിൽ, എന്റെ മഹത്വം ഒന്നുമല്ല; അവൻ ഞങ്ങളുടെ ദൈവമാകുന്നു

എന്നു നിങ്ങൾ പറയുന്ന എന്റെ പിതാവാകുന്നു എന്നെ മഹത്വപ്പെടുത്തുന്നവൻ.

B. ക്രിസ്തു തന്റെ പുനരുത്ഥാനത്തിൽ തേജസ്കരിക്കപ്പെട്ടു—ലൂക്കൊ. 24:26; യോഹ. 7:39; 17:5; പ്രവൃ. 3:13; 1 പത്രൊ. 1:21.

ലൂക്കൊ. 24:26 ക്രിസ്തു ഈ കാര്യങ്ങൾ സഹിക്കുകയും തന്റെ തേജസ്സിലേക്കു പ്രവേശിക്കുകയും ചെയ്യേണ്ടത് ആവശ്യമായിരുന്നില്ലയോ?

യോഹ. 7:39 എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു.

യോഹ. 17:5 ഇപ്പോഴോ പിതാവേ, ലോകം ഉണ്ടാകുന്നതിനു മുമ്പേ എനിക്കു നിന്നോടുകൂടെ ഉണ്ടായിരുന്ന തേജസ്സുകൊണ്ട്, നിന്നോടുകൂടെത്തന്നെ എന്നെ തേജസ്കരിക്കേണമേ.

പ്രവൃ. 3:13 നിങ്ങൾ ഏൽപ്പിച്ചുകൊടുക്കുകയും, അവനെ വിട്ടയയ്ക്കുവാൻ തീരുമാനിച്ചപ്പോൾ, പീലാത്തൊസിന്റെ സന്നിധിയിൽ നിങ്ങൾ നിഷേധിക്കുകയും ചെയ്ത, തന്റെ ദാസനായ യേശുവിനെ, നമ്മുടെ പിതാക്കന്മാരുടെ ദൈവമായ, അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം, മഹത്വപ്പെടുത്തിയിരിക്കുന്നു.

1 പത്രൊ. 1:21 നിങ്ങളുടെ വിശ്വാസവും പ്രത്യാശയും ദൈവത്തിൽ ആയിരിക്കുവാൻ തക്കവണ്ണം, അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തുകയും അവനു മഹത്വം നൽകുകയും ചെയ്ത ദൈവത്തിലേക്ക് അവനിലൂടെ നിങ്ങൾ വിശ്വസിക്കുന്നു.

C. ക്രിസ്തു തന്റെ ആരോഹണത്തിൽ തേജസ്കരിക്കപ്പെട്ടു; കർത്താവായ യേശു "നദി മുറിച്ചുകടക്കുകയും" ദൈവത്തിന്റെ തേജസ്സിലേക്ക് പ്രവേശിക്കുകയും ചെയ്ത ഒരു വ്യക്തിയുടെ മാതൃകയായിരുന്നു; അവിടെ അവൻ തേജസ്സും ബഹുമാനവും കൊണ്ട് കിരീടമണിയിക്കപ്പെട്ടു—എബ്രാ. 2:9-10; 6:19-20; 9:24.

എബ്രാ. 2:9 എന്നാൽ ദൈവകൃപയാൽ അവൻ സകലത്തിനും പകരം മരണം രുചിക്കേണ്ടതിന്, മരണത്തിന്റെ കഷ്ടത നിമിത്തം ദൂതന്മാരെക്കാൾ അൽപ്പം മാത്രം താഴ്ത്തപ്പെട്ട യേശുവിനെ, മഹത്വവും ബഹുമാനവും കൊണ്ട് കിരീടമണിയിച്ചിരിക്കുന്നതായി നാം കാണുന്നു.

എബ്രാ. 2:10 എന്തെന്നാൽ സകലവും തനിക്കുവേണ്ടിയും സകലവും തന്നിലൂടെയും ഉളവാക്കിയവന്, അനേകം പുത്രന്മാരെ തേജസ്സിലേക്ക് നയിക്കുന്നതിൽ, അവരുടെ രക്ഷയുടെ കാരണഭൂതനെ കഷ്ടാനുഭവങ്ങളിലൂടെ തികഞ്ഞവനാക്കുന്നത് ഉചിതമായിരുന്നു.

എബ്രാ. 6:19 അത് ഭദ്രവും ദൃഢവും തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുന്നതുമായി, ദേഹിയുടെ നങ്കൂരമായി നമുക്കുണ്ട്,

എബ്രാ. 6:20 അവിടെ മുൻഗാമിയായ യേശു, മൽക്കീസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കും മഹാപുരോഹിതനായിത്തീർന്ന്, നമുക്കായി പ്രവേശിച്ചിരിക്കുന്നു.

എബ്രാ. 9:24 എന്തെന്നാൽ ക്രിസ്തു വാസ്തവമായതിന്റെ പ്രതിരൂപമായ, കൈപ്പണിയായ വിശുദ്ധസ്ഥലത്തേക്കല്ല, ഇപ്പോൾ നമുക്കുവേണ്ടി

ദൈവത്തിന്റെ മുഖത്തിനു മുമ്പാകെ പ്രത്യക്ഷനാകുവാൻ സ്വർഗത്തിലേക്കത്രേ പ്രവേശിച്ചത്;

D. കർത്താവ് മനുഷ്യപുത്രനായി പിതാവിന്റെ തേജസ്സിൽ വരും—മത്താ. 16:27; ലൂക്കൊ. 21:27.

മത്താ. 16:27 എന്തെന്നാൽ മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരോടുകൂടെ വരുവാനിരിക്കുന്നു, അപ്പോൾ അവൻ ഓരോരുത്തനും തന്റെ പ്രവൃത്തിക്കൊത്തവണ്ണം മടക്കിത്തരും.

ലൂക്കൊ. 21:27 അപ്പോൾ മനുഷ്യപുത്രൻ ശക്തിയോടും വലിയ തേജസ്സോടുംകൂടി മേഘത്തിൽ വരുന്നത് അവർ കാണും.

E. നിത്യതയോളം പുതിയ യെരൂശലേമിൽ കുഞ്ഞാടായ ക്രിസ്തു വിളക്കെന്ന നിലയിൽ ദൈവതേജസ്സോടുകൂടെ പുതിയ യെരൂശലേമിനെ പ്രകാശിപ്പിക്കുവാൻ വെളിച്ചമായ ദൈവത്തോടുകൂടെ പ്രകാശിക്കും, ആ തേജസ്സ് ദിവ്യ വെളിച്ചത്തിന്റെ ആവിഷ്കാരമാണ്—വെളി. 21:11, 23; 22:5.

വെളി. 21:11 അവളുടെ വെളിച്ചം ഏറ്റവും വിലയേറിയ കല്ലുപോലെ, സ്ഫടിക സ്വച്ഛമായ സൂര്യകാന്തം പോലെ ആയിരുന്നു.

വെളി. 21:23 നഗരത്തിൽ പ്രകാശിക്കുവാൻ സൂര്യനോ ചന്ദ്രനോ ആവശ്യമില്ല, ദൈവതേജസ്സ് അതിനെ പ്രകാശിപ്പിച്ചു, കുഞ്ഞാട് അതിന്റെ വിളക്കാകുന്നു.

വെളി. 22:5 ഇനി രാത്രി ഉണ്ടാകയില്ല; ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നതിനാൽ, വിളക്കിന്റെ വെളിച്ചവും സൂര്യന്റെ വെളിച്ചവും അവർക്ക് ആവശ്യമില്ല; അവർ എന്നെന്നേക്കും വാഴും.

**IV. കർത്താവായ യേശുവിന്റെ തേജസ്സും തേജസ്കരണവും യോഹന്നാന്റെ സുവിശേഷത്തിൽ നമുക്ക് കാണുവാൻ കഴിയും:**

A. "ഞങ്ങൾ അവന്റെ തേജസ്സിനെ പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു" (1:14); ഇത് പർവ്വതത്തിൽവച്ചുള്ള ക്രിസ്തുവിന്റെ കായാന്തരണത്തെ സൂചിപ്പിക്കുന്നു (മത്താ. 17:1-2, 5).

മത്താ. 17:1 ആറു ദിവസങ്ങൾക്കുശേഷം യേശു പത്രൊസിനെയും യാക്കോബിനെയും അവന്റെ സഹോദരനായ യോഹന്നാനെയും കൂട്ടിക്കൊണ്ട് സ്വകാര്യമായി അവരെ ഒരു ഉയർന്ന മലയിലേക്കു കൊണ്ടുവന്നു.

മത്താ. 17:2 അവരുടെ മുമ്പാകെ അവൻ കായാന്തരപ്പെട്ടു; അവന്റെ മുഖം സൂര്യനെപ്പോലെ ശോഭിക്കുകയും അവന്റെ വസ്ത്രങ്ങൾ വെളിച്ചംപോലെ വെള്ളയായിത്തീരുകയും ചെയ്തു.

മത്താ. 17:5 അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ഇതാ, പ്രകാശപൂരിതമായ ഒരു മേഘം അവർക്കുമീതെ നിഴലിടുകയും, ഇതാ, മേഘത്തിൽ നിന്ന്, ഇവൻ എന്റെ പുത്രൻ, പ്രിയനായവൻ, ഇവനിൽ ഞാൻ എന്റെ പ്രസാദം കണ്ടെത്തിയിരിക്കുന്നു; ഇവനെ കേൾക്കുവിൻ! എന്നു സംസാരിക്കുന്ന ഒരു ശബ്ദവും ഉണ്ടായി.

B. "യേശു...തന്റെ തേജസ്സ് വെളിവാക്കി"; കർത്താവിന്റെ ദിവ്യത്വം വെളിവാക്കപ്പെട്ടു—യോഹ. 2:11.

യോഹ. 2:11 അടയാളങ്ങളുടെ ഈ ആരംഭം യേശു ഗലീലയിലെ കാനാവിൽ ചെയ്ത് അവന്റെ തേജസ്സ് വെളിവാക്കി, അവന്റെ ശിഷ്യന്മാർ അവനിലേക്ക് വിശ്വസിച്ചു.

C. കർത്താവായ യേശു "മനുഷ്യരിൽനിന്ന് മഹത്വം സ്വീകരിച്ചില്ല;" അവൻ ചോദിച്ചു, "നിങ്ങൾ അന്യോന്യം മഹത്വം സ്വീകരിക്കുകയും, ഏക ദൈവത്തിൽനിന്നുള്ള മഹത്വം അന്വേഷിക്കാതെയും ഇരിക്കുമ്പോൾ, നിങ്ങൾക്ക് എങ്ങനെ വിശ്വസിക്കുവാൻ കഴിയും?"—5:41, 44.

D. "തന്നിൽനിന്ന് സംസാരിക്കുന്നവൻ സ്വന്തമഹത്വം അന്വേഷിക്കുന്നു; തന്നെ അയച്ചവന്റെ മഹത്വം അന്വേഷിക്കുന്നവനോ അവൻ സത്യവാൻ ആകുന്നു."—7:18:

1. "ഞാൻ എന്റെ മഹത്വം അന്വേഷിക്കുന്നില്ല; എനിക്കുവേണ്ടി മഹത്വം അന്വേഷിക്കുന്നവനും വിധിക്കുന്നവനുമായ ഒരുവൻ ഉണ്ട്"—8:50.
2. "ഞാൻ എന്നെത്തന്നെ മഹത്വപ്പെടുത്തുന്നു എങ്കിൽ, എന്റെ മഹത്വം ഒന്നുമല്ല; എന്റെ പിതാവാകുന്നു എന്നെ മഹത്വപ്പെടുത്തുന്നവൻ"—വാ. 54.
3. "അവർ ദൈവത്തിന്റെ മഹത്വത്തെക്കാൾ മനുഷ്യരുടെ മഹത്വത്തെ സ്നേഹിച്ചു"—12:43.

E. യേശു പറഞ്ഞു, "മനുഷ്യപുത്രൻ തേജസ്കരിക്കപ്പെടുവാനുള്ള നാഴിക വന്നിരിക്കുന്നു" (വാ. 23); മനുഷ്യപുത്രൻ എന്ന നിലയിൽ യേശു തേജസ്കരിക്കപ്പെടുന്നത് അവൻ ഉയിർത്തെഴുന്നേൽക്കുന്നതായിരുന്നു.

F. അധ്യായം 17-ൽ യേശു പറഞ്ഞു, "പിതാവേ,...പുത്രൻ നിന്നെ തേജസ്കരിക്കേണ്ടതിന് നിന്റെ പുത്രനെ തേജസ്കരിക്കേണമേ" (വാ. 1); "ഇപ്പോഴോ പിതാവേ, ലോകം ഉണ്ടാകുന്നതിനു മുമ്പേ എനിക്ക് നിന്നോടുകൂടെ ഉണ്ടായിരുന്ന തേജസ്സുകൊണ്ട്, നിന്നോടുകൂടെത്തന്നെ എന്നെ തേജസ്കരിക്കേണമേ" (വാ. 5):

John 17 be omitted.

1. യോഹന്നാൻ 17-ലെ കർത്താവിന്റെ പ്രാർഥനയുടെ വിഷയം ഇതാണ്.
2. ഈ പ്രാർഥനയ്ക്കുമുമ്പ് താൻ തേജസ്കരിക്കപ്പെടുമെന്നും പിതാവ് അവനിൽ തേജസ്കരിക്കപ്പെടുമെന്നും കർത്താവായ യേശു മുൻകൂട്ടി പറഞ്ഞു—12:23; 13:31-32.

   യോഹ. 12:23 യേശു അവരോട് ഉത്തരം പറഞ്ഞത്, മനുഷ്യപുത്രൻ തേജസ്കരിക്കപ്പെടുവാനുള്ള നാഴിക വന്നിരിക്കുന്നു.

   യോഹ. 13:31 അവൻ പുറത്തുപോയശേഷം, യേശു പറഞ്ഞു, ഇപ്പോൾ മനുഷ്യപുത്രൻ തേജസ്കരിക്കപ്പെട്ടിരിക്കുന്നു, ദൈവവും അവനിൽ തേജസ്കരിക്കപ്പെട്ടിരിക്കുന്നു.

   യോഹ. 13:32 ദൈവം അവനിൽ തേജസ്കരിക്കപ്പെട്ടിരിക്കുന്നു എങ്കിൽ, ദൈവം തന്നിൽത്തന്നെ അവനെ തേജസ്കരിക്കും, അവൻ ഉടനെതന്നെ അവനെ തേജസ്കരിക്കും..

3. തന്റെ മനുഷ്യത്വത്തെ ദിവ്യ മൂലകത്തിലേക്ക് ഉയർത്തുകയും അവന്റെ ദിവ്യ മൂലകം ആവിഷ്കരിക്കപ്പെടുകയും ചെയ്യേണ്ടതിന് ക്രിസ്തു ഉയിർത്തെഴുന്നേൽക്കണമായിരുന്നു, അതിന്റെ ഫലമായി അവന്റെ മുഴുവൻ ആളത്തവും, അവന്റെ ദിവ്യത്വവും അവന്റെ മനുഷ്യത്വവും, തേജസ്കരിക്കപ്പെടും; അങ്ങനെ പിതാവ് പുത്രനിൽ തേജസ്കരിക്കപ്പെടും.

G. ഒരുമയുടെ ഏറ്റവും ഉയർന്ന ഘട്ടത്തിലേക്ക്—ത്രിയേക ദൈവത്തിന്റെ സംഘാത ആവിഷ്കാരതത്തിനുവേണ്ടി ദിവ്യ തേജസ്സിലുള്ള ഒരുമയിലേക്ക്—നാം പ്രവേശിക്കണമെന്ന് കർത്താവായ യേശു പ്രാർഥിച്ചു: "നാം

ഒന്നാകുന്നതുപോലെ അവർ ഒന്നാകേണ്ടതിന് നീ എനിക്ക് നൽകിയിരിക്കുന്ന തേജസ്സ് ഞാൻ അവർക്ക് നൽകിയിരിക്കുന്നു"—17:22:

1. ഇതാണ് വിശ്വാസികളുടെ ഏറ്റവും ആഴമേറിയ ഒരുമ, ദൈവത്തിന്റെ സംഘാത ആവിഷ്കാരത്തിനു വേണ്ടി ദിവ്യ തേജസ്സിലുള്ള ഒരുമ.
2. ഒരുമയുടെ ഈ വശത്ത്, വിശ്വാസികൾ, അവരുടെ സ്വയം പൂർണ്ണമായി ത്യജിക്കുകയും, അവരുടെ തികഞ്ഞതാക്കപ്പെട്ട ഒരുമയുടെ ഘടകമായ പിതാവിന്റെ തേജസ്സ് ആസ്വദിക്കുകയും, അങ്ങനെ ദൈവത്തെ സംഘാതമായ, പണിയപ്പെട്ട ഒരു രീതിയിൽ ആവിഷ്കരിക്കുകയും ചെയ്യുന്നു.

## V. ത്രിയേക ദൈവത്തിന്റെ ദേഹരൂപമെന്ന നിലയിൽ, പുത്രനായ ക്രിസ്തു പിതാവിന്റെ തേജസ്കരണമാണ്—വാ. 1, 5, 22-23:

യോഹ. 17:1 ഈ കാര്യങ്ങൾ സംസാരിച്ചശേഷം, സ്വർഗത്തിലേക്കു തന്റെ കണ്ണുകൾ ഉയർത്തി യേശു പറഞ്ഞു, പിതാവേ, നാഴിക വന്നിരിക്കുന്നു; പുത്രൻ നിന്നെ തേജസ്കരിക്കേണ്ടതിന്, നിന്റെ പുത്രനെ തേജസ്കരിക്കേണമേ;

യോഹ. 17:5 ഇപ്പോഴോ പിതാവേ, ലോകം ഉണ്ടാകുന്നതിനു മുമ്പേ എനിക്കു നിന്നോടുകൂടെ ഉണ്ടായിരുന്ന തേജസ്സുകൊണ്ട്, നിന്നോടുകൂടെത്തന്നെ എന്നെ തേജസ്കരിക്കേണമേ.

യോഹ. 17:22 നാം ഒന്നാകുന്നതുപോലെ അവർ ഒന്നാകേണ്ടതിന്, നീ എനിക്ക് നൽകിയിരിക്കുന്ന തേജസ്സ് ഞാൻ അവർക്ക് നൽകിയിരിക്കുന്നു;

യോഹ. 17:23 നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിച്ചിരിക്കുന്നതുപോലെ അവരെ സ്നേഹിച്ചിരിക്കുന്നു എന്നും ലോകം അറിയേണ്ടതിനു, ഞാൻ അവരിലും നീ എന്നിലുമായി, അവർ ഒന്നായി തികഞ്ഞവരാകേണ്ടതിനു തന്നെ.

A. തേജസ്കരണം അർഥമാക്കുന്നത് വെളിവാക്കലിനെയാണ്; തേജസ്കരിക്കപ്പെടുന്നത് വെളിവാക്കുന്നതാണ്.

B. യോഹന്നാൻ 14 മുതൽ 16 വരെയുള്ള അധ്യായങ്ങളിലെ കർത്താവിന്റെ ദൂതിന്റെ പ്രധാന കാര്യം, പിതാവ് പുത്രനിൽ തേജസ്കരിക്കപ്പെടേണ്ടതിന് പുത്രൻ തേജസ്കരിക്കപ്പെടണം എന്നതാണ്.

John 14~16 be omitted.

1. തന്റെ ദൂതിൽ കർത്താവ് തേജസ്കരണത്തെക്കുറിച്ച് സംസാരിക്കുകയും, തന്റെ പ്രാർഥനയിൽ തേജസ്കരണത്തിനുവേണ്ടി അവൻ പ്രാർഥിക്കുകയും ചെയ്തു—13:31-32; 14:13; 15:8; 17:1, 5.

യോഹ. 13:31 അവൻ പുറത്തുപോയശേഷം, യേശു പറഞ്ഞു, ഇപ്പോൾ മനുഷ്യപുത്രൻ തേജസ്കരിക്കപ്പെട്ടിരിക്കുന്നു, ദൈവവും അവനിൽ തേജസ്കരിക്കപ്പെട്ടിരിക്കുന്നു.

യോഹ. 13:32 ദൈവം അവനിൽ തേജസ്കരിക്കപ്പെട്ടിരിക്കുന്നു എങ്കിൽ, ദൈവം തന്നിൽത്തന്നെ അവനെ തേജസ്കരിക്കും, അവൻ ഉടനെതന്നെ അവനെ തേജസ്കരിക്കും.

യോഹ. 14:13 നിങ്ങൾ എന്റെ നാമത്തിൽ എന്തു ചോദിച്ചാലും, പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന്, അതു ഞാൻ ചെയ്യും.

യോഹ. 15:8 നിങ്ങൾ അധികം ഫലം കായ്ക്കുന്നതിൽ എന്റെ പിതാവ് മഹത്വപ്പെടുന്നു, അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും.

യോഹ. 17:1 ഈ കാര്യങ്ങൾ സംസാരിച്ചശേഷം, സ്വർഗത്തിലേക്കു തന്റെ കണ്ണുകൾ ഉയർത്തി യേശു പറഞ്ഞു, പിതാവേ, നാഴിക വന്നിരിക്കുന്നു; പുത്രൻ നിന്നെ തേജസ്കരിക്കേണ്ടതിന്, നിന്റെ പുത്രനെ തേജസ്കരിക്കേണമേ;

യോഹ. 17:5 ഇപ്പോഴോ പിതാവേ, ലോകം ഉണ്ടാകുന്നതിനു മുമ്പേ എനിക്കു നിന്നോടുകൂടെ ഉണ്ടായിരുന്ന തേജസ്സുകൊണ്ട്, നിന്നോടുകൂടെത്തന്നെ എന്നെ തേജസ്കരിക്കേണമേ.

2. ക്രിസ്തു തന്റെ പുനരുത്ഥാനത്തിൽ ദിവ്യ തേജസ്സോടുകൂടെ പിതാവിനാൽ തേജസ്കരിക്കപ്പെട്ടു —7:39:

യോഹ. 7:39 എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു.

a. *തേജസ്കരിക്കപ്പെട്ടു* എന്നത് *ഉയിർത്തെഴുന്നേറ്റു* എന്നതിനെ സൂചിപ്പിക്കുന്നു, എന്തെന്നാൽ കർത്താവ് ഉയിർത്തെഴുന്നേറ്റപ്പോൾ തേജസ്കരിക്കപ്പെട്ടു; അവന്റെ പുനരുത്ഥാനം അവനെ തേജസ്സിലേക്ക് കൊണ്ടുവന്നു—ലൂക്കൊ. 24:26; 1 കൊരി. 15:43; പ്രവൃ. 3:13, 15.

ലൂക്കൊ. 24:26 ക്രിസ്തു ഈ കാര്യങ്ങൾ സഹിക്കുകയും തന്റെ തേജസ്സിലേക്കു പ്രവേശിക്കുകയും ചെയ്യേണ്ടത് ആവശ്യമായിരുന്നില്ലയോ?

1 കൊരി. 15:43 അപമാനത്തിൽ വിതയ്ക്കപ്പെടുന്നു, തേജസ്സിൽ ഉയിർപ്പിക്കപ്പെടുന്നു; ബലഹീനതയിൽ വിതയ്ക്കപ്പെടുന്നു, ശക്തിയിൽ ഉയിർപ്പിക്കപ്പെടുന്നു;

പ്രവൃ. 3:13 നിങ്ങൾ ഏൽപ്പിച്ചുകൊടുക്കുകയും, അവനെ വിട്ടയയ്ക്കുവാൻ തീരുമാനിച്ചപ്പോൾ, പീലാത്തൊസിന്റെ സന്നിധിയിൽ നിങ്ങൾ നിഷേധിക്കുകയും ചെയ്ത, തന്റെ ദാസനായ യേശുവിനെ, നമ്മുടെ പിതാക്കന്മാരുടെ ദൈവമായ, അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം, മഹത്വപ്പെടുത്തിയിരിക്കുന്നു.

പ്രവൃ. 3:15 ജീവന്റെ കാരണഭൂതനെ നിങ്ങൾ കൊന്നുകളഞ്ഞു, അവനെ ദൈവം മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു, അതിന് ഞങ്ങൾ സാക്ഷികൾ ആകുന്നു.

b. പുതിയനിയമ ചിന്തയനുസരിച്ച്, പുനരുത്ഥാനം ജീവന്റെ വിടുതലും, ജീവന്റെ ഈ വിടുതൽ തേജസ്കരണത്തിന്റെ വിഷയവുമാണ്; അതുകൊണ്ട് *തേജസ്കരണം പുനരുത്ഥാനത്തിന്റെ* പര്യായപദമാണ്.

C. പുത്രനിലും പുത്രനിലൂടെയും പിതാവ് തേജസ്കരികരിക്കപ്പെടേണ്ടതിന് ഇന്ന് സഭയാലാണ് പുത്രൻ തേജസ്കരിക്കപ്പെടുന്നത്—യോഹ. 17:22; എഫെ. 3:21:

യോഹ. 17:22 നാം ഒന്നാകുന്നതുപോലെ അവർ ഒന്നാകേണ്ടതിന്, നീ എനിക്ക് നൽകിയിരിക്കുന്ന തേജസ്സ് ഞാൻ അവർക്ക് നൽകിയിരിക്കുന്നു;

എഫെ. 3:21 സഭയിലും ക്രിസ്തു യേശുവിലും എല്ലാ തലമുറകളോളം എന്നെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.

1. തേജസ്സെന്നത് ദിവ്യ ജീവന്റെയും ദിവ്യ പ്രകൃതത്തിന്റെയും ആവിഷ്കാരമാണ്; ദിവ്യ ജീവനാലും ദിവ്യ പ്രകൃതത്താലും നാം

എത്രയധികം ജീവിക്കുന്നുവോ അത്രയധികം ദിവ്യ തേജസ്സ് സഭയിൽ ഉണ്ടായിരിക്കും—യോഹ. 17:22; എഫെ. 3:21.

യോഹ. 17:22 നാം ഒന്നാകുന്നതുപോലെ അവർ ഒന്നാകേണ്ടതിന്, നീ എനിക്ക് നൽകിയിരിക്കുന്ന തേജസ്സ് ഞാൻ അവർക്ക് നൽകിയിരിക്കുന്നു;

എഫെ. 3:21 സഭയിലും ക്രിസ്തു യേശുവിലും എല്ലാ തലമുറകളോളം എന്നെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.

2. അത്ഭുതകരമായ സംയോജിക്കുന്ന ഒരുമയിൽ, പുത്രനിൽ പിതാവിനോടുകൂടെയുള്ള ക്രിസ്തുവിന്റെ വിശ്വാസികളുടെ ജൈവിക ഐക്യം മുഖാന്തരം, പിതാവ് തേജസ്കരിക്കപ്പെടുന്നു—യോഹ. 17:23:

   യോഹ. 17:23 നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിച്ചിരിക്കുന്നതുപോലെ അവരെ സ്നേഹിച്ചിരിക്കുന്നു എന്നും ലോകം അറിയേണ്ടതിനു, ഞാൻ അവരിലും നീ എന്നിലുമായി, അവർ ഒന്നായി തികഞ്ഞവരാകേണ്ടതിനു തന്നെ.

   a. നാം ഒന്നായിരിക്കുമ്പോൾ, ക്രിസ്തു തേജസ്കരിക്കപ്പെടുന്നു, പിതാവും തേജസ്കരിക്കപ്പെടുന്നു.
   b. യോഹന്നാൻ 17-ലെ ഒരുമ പുത്രനിൽ പിതാവിന്റെ തേജസ്കരണത്തിനു വേണ്ടിയാണ്; ഈ ഒരുമ വാസ്തവത്തിൽ ദിവ്യ തേജസ്കരണമാണ്.

      John 17 be omitted.

3. ദിവ്യ തേജസ്കരണത്തിൽ ത്രിയേക ദൈവം മനുഷ്യത്വത്തിൽ തേജസ്കരിക്കപ്പെടുകയും, മനുഷ്യത്വം ദിവ്യത്വത്തിൽ തേജസ്കരിക്കപ്പെടുകയും ചെയ്യുന്നു—വെളി. 21:10-11.

   വെളി. 21:10 അവൻ എന്നെ ആത്മാവിൽ വലുതും ഉയർന്നതുമായ ഒരു മലമേൽ എടുത്തുകൊണ്ടുപോയി, യെരൂശലേം എന്ന വിശുദ്ധനഗരം സ്വർഗത്തിൽ നിന്ന് ദൈവത്തിന്റെ പക്കൽനിന്ന്, ദൈവ തേജസ്സുള്ളതായി ഇറങ്ങിവരുന്നത് കാണിച്ചുതന്നു.

   വെളി. 21:11 അവളുടെ വെളിച്ചം ഏറ്റവും വിലയേറിയ കല്ലുപോലെ, സ്ഫടിക സ്വച്ഛമായ സൂര്യകാന്തം പോലെ ആയിരുന്നു.